# മധുരമായ കുട്ടികളേ– നിങ്ങൾക്ക് ഇപ്പോൾ ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നു,നിങ്ങൾക്കറിയാം ഓരോ 5000 വർഷത്തിനു ശേഷവും ഭോലാനാഥനായ ബാബയിലൂടെ നാം ഈ ജ്ഞാനം കേട്ട് മനുഷ്യനിൽ നിന്ന് ദേവതയാകുന്നു

**ചോദ്യം** : ജ്ഞാനത്തിന്റെ ധാരണ ഉണ്ടാകാത്തതിന്റെ മുഖ്യകാരണമെന്താണ്?
**ഉത്തരം** : ബുദ്ധി അലഞ്ഞുതിരിയുന്നു. ഒന്നിനോടൊപ്പം പൂർണമായി യോഗമില്ല. ദേഹീഅഭിമാനിയായിട്ടില്ല. അതുകൊണ്ട് ധാരണയാകുന്നില്ല. ബാബ പറയുന്നു–കുട്ടികളേ, അടുപ്പത്തിലേക്ക് പോകരുത്. പരസ്പരം നാമരൂപങ്ങളെ ഓർമിക്കരുത്. ഒരേയൊരു ബാബ, രണ്ടാമതൊരാളില്ല–ഈ പാഠം പക്കയാക്കൂ. മറ്റാരുടെയും പിന്നാലെയാകരുത്. ബാബയിൽ നിന്ന് നിർദേശങ്ങൾ എടുത്തുകൊണ്ടിരിക്കൂ. ഇതിലൂടെ നിങ്ങൾ ദുഃഖത്തിൽ നിന്ന് മുക്തമാകും. ധാരണയും നല്ലതാകും.

**ഗീതം:** ഭോലാനാഥനേക്കാൾ വിചിത്രനായി...

**ഓം ശാന്തി**. ഭോലാനാഥൻ ദാതാവാണ്. ഭോലാനാഥനെന്ന് ശിവബാബയെയാണ് പറയുന്നത്. ഭോലാനാഥൻ തീർച്ചയായും മോശമായതിനെ നല്ലതാക്കിയിട്ടാണ് പോയിട്ടുള്ളത്. ആദിമദ്ധ്യാന്തത്തിന്റെ രഹസ്യം പറഞ്ഞുതന്നിട്ട് പോയിരിക്കുന്നു. അതുകൊണ്ട് ഭക്തർ പാടുന്നുണ്ട്. നിങ്ങൾ കുട്ടികൾക്കറിയാം ഏതൊരു ഭോലാനാഥനാണോ മഹിമയുള്ളത്, ആരാണോ മോശമായതിനെ നല്ലതാക്കുന്നത്, അദ്ദേഹം നമ്മുടെ സന്മുഖത്തിരിക്കുന്നു. ഭക്തർ ഭഗവാനെ ഓർമിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മഹിമയും പാടുന്നുണ്ട്. ബാബ തന്റെ പാർട്ട് അഭിനയിക്കുകയാണ്. ബാബ തന്നെ വന്നിട്ടാണ് തന്റെ പരിചയം കുട്ടികൾക്ക് നല്കിയത്. കുട്ടികളുടെ ബുദ്ധിയിലുമുണ്ട്–ബാബ എന്താണോ മനസിലാക്കിത്തരുന്നത് ഇത് തീർച്ചയായും കല്പകല്പം മനസിലാക്കിത്തരുന്നുണ്ട്. കല്പകല്പം വന്ന് പതീതലോകത്തെ പാവനലോകമാക്കി മാറ്റുന്നുണ്ട്. ഇപ്പോൾ മാറ്റിക്കൊണ്ടിരിക്കുകയാണ്. വളരെ പേർക്ക് ഇപ്പോൾ മനസിലായിട്ടുണ്ട്. ഇപ്പോഴും വളരെപ്പേരുണ്ട് മനസിലാക്കാത്തവർ–സമ്പത്തെടുക്കുന്നവരുണ്ടെങ്കിൽ മുമ്പത്തെപ്പോലെ വന്ന് സമ്പത്തെടുക്കും. നിങ്ങൾക്കും ആദ്യം ബാബ വന്ന് സമ്പത്ത് തരും എന്നൊന്നും അറിഞ്ഞിരുന്നില്ല. ഇപ്പോഴാണ് മനസിലായത്. തീർച്ചയായും ഭക്തരുടെ രക്ഷകനാണ്. ആദിമദ്ധ്യാന്തത്തിന്റെ ജ്ഞാനം കേൾപ്പിക്കുന്നു. അദ്ദേഹത്തെ ജ്ഞാനത്തിന്റെ സാഗരനെന്നാണ് പറയുന്നത്. മനസിലാകുന്നുമുണ്ട് ശരിക്കും ഇത് ആ ഭഗവാൻ തന്നെയാണ്–ആരാണോ ഭാരതത്തിൽ വന്ന് ജന്മമെടുക്കുന്നത്. ഭഗവാന്റെ അലൗകികജന്മമെന്ന് പാടപ്പെട്ടിട്ടുണ്ട്. ഭാരതവാസികളെ വന്ന് പതീതത്തിൽ നിന്ന് പാവനമാക്കി മാറ്റുന്നു. പതീത മനുഷ്യരാരാണോ വിളിക്കുന്നത് അവർ തീർച്ചയായും മനസിലാക്കുന്നുണ്ടാവും–നമ്മൾ പാവനമായിരുന്നു, ഇപ്പോൾ പതീതരാണ്. ഇനി വീണ്ടും പാവനമായി മാറണം.

ഇപ്പോൾ ബാബയിലൂടെ മൂന്നാമത്തെ നേത്രം ലഭിച്ചതിലൂടെ നിങ്ങളെല്ലാം മനസിലാക്കി. നിങ്ങൾ കുട്ടികൾക്ക് മുഴുവൻ ദിവസവും വിചാരസാഗരമഥനം നടന്നുകൊണ്ടേയിരിക്കണം. സത്യുഗത്തിൽ ആരായിരുന്നു പാവനമായിരുന്നത്? തീർച്ചയായും ദേവീദേവതമാർ തന്നെയായിരുന്നു. ആ സമയത്ത് വേറൊരു ധർമവുമുണ്ടായിരുന്നില്ല. ദേവതകളുടെ ചിത്രങ്ങളുമുണ്ട്. വേറൊരു പേരും ഉപയോഗിക്കാറില്ല. ഇങ്ങനെയും പറയില്ല–ചിത്രമാണ്. ശ്രീലക്ഷ്മി, ശ്രീനാരായണൻ ദേവത. ഇപ്പോഴവരില്ല. അവരെപ്പോഴാണോ ഉണ്ടായിരുന്നത് അപ്പോൾ വേറൊരു ധർമവുമുണ്ടായിരുന്നില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്–ബാബ നമുക്ക് സത്യകഥ കേൾപ്പിക്കുകയാണ്. അതുകൊണ്ട് മനുഷ്യർ പറയുന്നു–ഈ ജ്ഞാനം ഞങ്ങളിതുവരെ കേട്ടിട്ടില്ല. എന്തുകൊണ്ടെന്നാൽ അവർക്കു ഡ്രാമയുടെ രഹസ്യത്തെക്കുറിച്ചറിയുന്നില്ല. നിങ്ങൾ പറയുന്നു–ഇത് കല്പകല്പം നിങ്ങൾ കേട്ടുവന്നിട്ടുള്ളതാണ്. എന്താ 5000 വർഷങ്ങൾക്കു മുമ്പ് കേൾപ്പിച്ചിരുന്നില്ലേ? പിന്നെ എന്തുകൊണ്ടാണിങ്ങനെ പറയുന്നത്–മുമ്പൊന്നും ഇങ്ങനെ കേട്ടിട്ടില്ലെന്ന്? കല്പം മുമ്പ് ആരാണോ കേൾപ്പിച്ചത് അവരിലൂടെ ഇപ്പോഴും നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. നല്ല രീതിയിൽ മനസിലാക്കിക്കൊടുക്കണം. നിങ്ങൾ 5000 വർഷം മുമ്പും ഈ ജ്ഞാനം കേട്ടിട്ടുണ്ടായിരുന്നു. ദേവതകളുടെ 5000 വർഷങ്ങൾ കഴിഞ്ഞു. അവരെ മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റിയതാരാണ്. ഇപ്പോഴും ആ അച്ഛൻ വീണ്ടുമാക്കി മാറ്റുകയാണ്. 5000 വർഷങ്ങൾക്കു ശേഷം ബാബക്കു വീണ്ടും വരേണ്ടതായി വരുന്നു. രാവണനിലൂടെ പതീതരായി മാറിയവരെ പാവനമാക്കാൻ വേണ്ടി. ഹിസ്റ്ററിയും ജ്യോഗ്രഫിയും തീർച്ചയായും ആവർത്തിക്കും. ഇതും മനസിലാവും ഹിസ്റ്ററി വീണ്ടും റിപ്പീറ്റാവുമെന്ന്. സത്യുഗത്തിനു ശേഷം ത്രേതായുഗവും....ച

ക്രം കറങ്ങിക്കൊണ്ടേയിരിക്കും. ഇപ്പോള്‍ കലിയുഗത്തിന്റെ അന്തിമമാണ്. ഒരു ഭാഗത്ത് വിനാശജ്വാലയും നില്‍ക്കുന്നു. മറുവശത്ത് ബാബയും ഇവിടെ വന്നിരിക്കുന്നു-പുതിയ ലോകത്തിന്റെ സ്ഥാപനാര്‍ത്ഥം. ഇത് അതേ മഹാഭാരതയുദ്ധം തന്നെയാണ്. മനസിലാക്കുന്നുമുണ്ട്-ഇതിലൂടെ മനുഷ്യലോകത്തിന്റെ വിനാശമുണ്ടാകുമെന്ന്. ഇതെല്ലാവര്‍ക്കും മനസിലാകുന്നുണ്ട്. പഴയ ലോകത്തിന്റെ വിനാശവും കാണാന്‍ കഴിയുന്നുണ്ട്. ഈ ഘോരമഹാഭാരതയുദ്ധം 5000 വര്‍ഷങ്ങള്‍ക്കു മുമ്പുമുണ്ടായിരുന്നു. ലക്ഷം വര്‍ഷങ്ങളുടെ കാര്യമൊന്നുമില്ല. ഈ ഭാരതം തന്നെയായിരുന്നു സ്വര്‍ഗം. ഈ ദേവതകളുടെ രാജ്യം ഉണ്ടായിരുന്നു. ഇവര്‍ സത്യയുഗത്തിന്റെ അധികാരിയായിരുന്നു. ചിത്രങ്ങള്‍ കാണിച്ച് നല്ല രീതിയില്‍ മനസിലാക്കിക്കൊടുക്കേണ്ടി വരും. അതിനു വേണ്ടിയാണ് ഈ ലക്ഷ്മീനാരായണന്റെ ചിത്രമൊക്കെ ഉണ്ടാക്കിയിരിക്കുന്നത്. ഈ ലക്ഷ്മീനാരായണന്റെ ചിത്രമൊക്കെ ഭാരതത്തില്‍ ധാരാളമുണ്ട്. വീണ്ടും നമ്മളുണ്ടാക്കുകയാണ്. എന്തിനുവേണ്ടി? നമ്മള്‍ അര്‍ത്ഥസഹിതമാണ് ഉണ്ടാക്കുന്നത്. ഇതില്‍ പൂര്‍ണ്ണമായ ജ്ഞാനമുണ്ട്. മനുഷ്യര്‍ക്ക് സംശയം വരികയാണ്. അതുകൊണ്ട് മനസിലാക്കിക്കൊടുക്കണം-സത്യയുഗത്തില്‍ ഇവരായിരുന്നു രാജ്യം ഭരിച്ചിരുന്നത്. വളരെ കുറച്ചു മനുഷ്യരേ അന്നുണ്ടായിരുന്നുള്ളൂ. അവര്‍ തന്നെയാണ് വീണ്ടും പുനര്‍ജന്മമെടുത്ത് പാവനനില്‍ നിന്ന് പതീതമായിരിക്കുന്നത്. ഈ ലോകം തന്നെ തമോപ്രധാനമാണ്. ഇനി വീണ്ടും പാവനമായി മാറണം. മനസിലാക്കിക്കൊടുക്കാന്‍ വളരെ എളുപ്പമാണ്. ബാബ പറയുന്നു-ഞാന്‍ നിങ്ങള്‍ക്ക് 5000 വര്‍ഷങ്ങള്‍ മുമ്പത്തെ കഥയാണ് മനസിലാക്കിത്തരുന്നത്. പണ്ട് പണ്ട്....ഇവിടെ ഈ ലക്ഷ്മീനാരായണന്റെ രാജ്യമുണ്ടായിരുന്നു. അഥവാ ക്രൈസ്റ്റിനു 3000 വര്‍ഷം മുമ്പ് സത്യയുഗമുണ്ടായിരുന്നു. ഹെവന്‍ലി ഗോഡ്ഫാദര്‍ ഹെവന്‍ സ്ഥാപിച്ചു. ഭാരതത്തെ പറയുന്നതു തന്നെ പ്രാചീനദേശമെന്നാണ്. ഇവിടെ ഭഗവാനും ഭഗവതിയും രാജ്യം ഭരിച്ചിരുന്നു. ഗോഡ് കൃഷ്ണന്‍, ഗോഡ് രാധ എന്നു പറയുന്നു. രാധാകൃഷ്ണനും ലക്ഷ്മീനാരായണനും സത്യയുഗത്തിലുണ്ടായിരുന്നു. പിന്നീട് രാമനും സീതയും ത്രേതായുഗത്തില്‍. 5000 വര്‍ഷത്തെ കണക്കുകള്‍ വളരെ ക്ലിയറാണ്. എപ്പോഴാണോ അവരുടെ രാജ്യമുണ്ടായിരുന്നത് അപ്പോള്‍ ബാക്കി എല്ലാ ആത്മാക്കളും മുക്തിധാമത്തിലായിരുന്നു. ആത്മാവാണെങ്കില്‍ അവിനാശിയാണ്. ആത്മാവിനൊരിക്കലും വിനാശം സംഭവിക്കുന്നില്ല. ഡ്രാമയും അവിനാശിയാണ്. ആത്മാവിന് 84 ജന്മത്തെ അവിനാശി പാര്‍ട്ട് ലഭിച്ചിരിക്കുകയാണ്. ഇത്രയും ചെറിയ ആത്മാവില്‍ മുഴുവന്‍ പാര്‍ട്ടുമടങ്ങിയിട്ടുണ്ട്. ഇത് എത്ര അത്ഭുതകരമായ കാര്യമാണ്. ഇതിനെത്തന്നെയാണ് പരാശക്തിയെന്നു പറയുന്നത്. ഇത്രയും ചെറിയ ബിന്ദുവില്‍ 84 ജന്മത്തിന്റെ പാര്‍ട്ട്, 5000 വര്‍ഷത്തിന്റെ പാര്‍ട്ട് അതിലടങ്ങിയിരിക്കയാണ്. അതും അവിനാശി. ഇത് തീര്‍ച്ചയായും ആവര്‍ത്തിക്കണം. ഇതേറ്റവും വലിയ ദിവ്യ ശക്തിയാണ്. പരമാത്മാവും ബിന്ദു, ആത്മാവും ബിന്ദു. എന്നാല്‍ പരമാത്മാവു പരമാത്മാവു തന്നെയാണ്. ആത്മാക്കളെല്ലാവരും ഒരുപോലെയല്ല. നമ്പര്‍വാറാണ്. ആദ്യം സുപ്രീം ശിവബാബ, പിന്നീട് ലക്ഷ്മീനാരായണനെന്നു പറയും. ബ്രഹ്മാ സരസ്വതിയെ സുപ്രീം എന്നു പറയില്ല. സമ്പൂര്‍ണമായിരിക്കുന്നത് ലക്ഷ്മീനാരായണന്‍ തന്നെയാണ്. പിന്നീട് നമ്പര്‍വാര്‍ ഓരോരുത്തരായി പിന്നാലെ വരുന്നു. മുഖ്യമായും പാടപ്പെട്ടിരിക്കുന്നത് ദേവതകളെയാണ്. ഏറ്റവും സുപ്രീം ആത്മാവ് ശിവബാബയുടേതുതന്നെ. പിന്നീട് സൂക്ഷ്മവതനത്തില്‍ ബ്രഹ്മാവിഷ്ണുശങ്കരന്‍ പിന്നെ ലക്ഷ്മീനാരായണന്‍,രാമനും സീതയുമെല്ലാം നമ്പര്‍വാറാണ്. നാടകത്തിലും ആക്ടര്‍ നമ്പര്‍വാറായിരിക്കുമല്ലോ. എല്ലാവരും ഒരേപോലെയാവില്ല. പറയാറുണ്ട്-ഇവരുടെ ആത്മാവ് സുപ്രീം ആക്ടറാണ്; ഇവരുടേതു വിലകുറഞ്ഞതാണ്. ഏറ്റവും ഫസ്റ്റ്ക്ലാസ് ക്രിയേറ്റര്‍ ഡയറക്ടറാരാണ്? ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമായ ശിവബാബയാണ്. ഇപ്പോള്‍ നിങ്ങള്‍ക്ക് മുഴുവന്‍ ഡ്രാമയെക്കുറിച്ചും മനസിലായി. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. വളരെ ചുരുക്കത്തില്‍ നിങ്ങള്‍ക്ക് പറഞ്ഞുതരുന്നു. വൃക്ഷത്തില്‍ ഈ ദേവീദേവതാധര്‍മം ഫൗണ്ടേഷനാണ്. പിന്നീട് അതില്‍ കൊമ്പും ചില്ലകളുമൊക്കെ-ഇസ്ലാം മതം, ബുദ്ധമതം, ക്രിസ്തുമതം-ഉത്ഭവിക്കുന്നു. വൃക്ഷം വളരെ ശോഭനീയമാണ്. ബാക്കി ഓരോരോ ധര്‍മത്തിന്റെ ഇലകള്‍ എണ്ണിനോക്കുകയാണെങ്കില്‍ എത്രയുണ്ടാവും? ശിവഭോലാനാഥനാണ് ഈ ജ്ഞാനം കേള്‍പ്പിക്കുന്നത്. ബാക്കി എന്തെങ്കിലും ഉടുക്കുകൊട്ടുക മുതലായവയൊന്നും ചെയ്യുന്ന കാര്യമില്ല. ശാസ്ത്രങ്ങളില്‍ പലതും എഴുതിവെച്ചിട്ടുണ്ട്. വാസ്തവത്തില്‍ ജ്ഞാനത്തിന്റെ ഉടുക്കാണ്, ഇതിനെ ശംഖധ്വനി എന്നും പറയും. ശംഖധ്വനി മുഖത്തിലൂടെയാണ് ചെയ്യുന്നത്. ഇതാണ് ജ്ഞാനത്തിന്റെ മുരളി. ഡ്രാമയുടെ ആദിമദ്ധ്യാന്തത്തിന്റെ രഹസ്യം ഇരുന്നുകേള്‍പ്പിക്കുന്നു. ആത്മാവ് ഒരു ബിന്ദുവിനെപ്പോലെയാണ്. ഇതില്‍ മുഴുവന്‍ പാര്‍ട്ടുമടങ്ങിയിട്ടുണ്ട്. ബാബ ക്രിയേറ്ററാണ്. ബാബ ആക്ട് ചെയ്യുന്നുമുണ്ട്. നല്ല പാര്‍ട്ട് ബാബയുടേതാണ്.നമ്പര്‍വാറായിട്ടാണ് എല്ലാം. ഒരേയൊരു ബാബ മാത്രം ക്രിയേറ്ററാണ്. ബാക്കിയെല്ലാവരും പുനര്‍ജന്മമെടുക്കുന്നവരാണ്. ബാബ ഒരിക്കലും പുനര്‍ജന്മമെടുക്കുന്നില്ല. ബാബയുടേത് അലൗകികജന്മമാണ്. നിങ്ങള്‍ക്കറിയുമല്ലോ എങ്ങനെയാണ് വന്ന് പ്രവേശിക്കുന്നത്. മറ്റുള്ള ആത്മാക്കളും പ്രവേശിക്കാറുണ്ടല്ലോ. ആരിലെങ്കിലും ഒരു സ്ത്രീയുടെ ആത്മാവു വന്നുവെന്നിരിക്കട്ടെ, എനിക്ക് സുഖമാണെന്നു പറയാന്‍ സാധിക്കും. ബാക്കി അവരുടെ ശരീരത്തിനെ ആലിംഗനം ചെയ്യാനൊന്നും സാധിക്കില്ല. കാരണം ശരീരം വേറെയാണല്ലോ. ഭാവനയിതാണ്-ഇതെന്റെ സ്തീയുടെ ആത്മാ

വാണ്. ഇങ്ങനെ വളരെപ്പേര്‍ വിളിക്കാറുണ്ട്. ഇപ്പോള്‍ തമോഗുണിയായിരിക്കുന്നു. അതുകൊണ്ട് കൃത്യമായി പറഞ്ഞുതരുന്നില്ല. ആത്മാവ് എന്തൊരു സാധനമാണ്, എങ്ങനെയാണ് വരികയും പോകയും ചെയ്യുന്നത് ഇതെല്ലാം ഡ്രാമയില്‍ ആദ്യം മുതല്‍ക്കേ അടങ്ങിയിട്ടുള്ളതാണ്. അല്ലാതെ ആത്മാവ് വിട്ട് ഇവിടെ വരുന്നു. പിന്നീട് മരിക്കുന്നു. അങ്ങനെയില്ല; ബാബ പറയുന്നു-ഇത് മനോകാമനകള്‍ പൂര്‍ത്തീകരിക്കാന്‍ വേണ്ടി സാക്ഷാത്കാരം ചെയ്യിപ്പിക്കുകയാണ്. ഇതും ഡ്രാമയിലുള്ളതാണ്. അതുതന്നെ നടക്കുന്നു. സെക്കന്റില്‍ എന്തു സംഭവിച്ചുവോ ഡ്രാമയിലടങ്ങിയിട്ടുണ്ട്. ഇത് പരിധിയില്ലാത്ത നാടകമാണ്. ബാബ ബിന്ദുവാണ്. ബിന്ദുവിനെ ഭോലാനാഥനെന്നു പറയും. എത്ര അത്ഭുതകരമാണ്. ബാബയും പറയുന്നു-ഞാനാകുന്ന ബിന്ദുവില്‍ എത്ര പാര്‍ട്ടാണുള്ളത്. ഇത് പുതിയവരുടെ ബുദ്ധിയിലിരിക്കില്ല. പഴയവരുടെയും ചിലരുടെയൊന്നും ബുദ്ധിയിലിരിക്കുന്നില്ല. മനസിലാകുന്നില്ല. അതുകൊണ്ട് ആര്‍ക്കെങ്കിലും മനസിലാക്കിക്കൊടുക്കാന്‍ സംശയിക്കുന്നു. റേഡിയോവില്‍ പറയുമ്പോള്‍ ചിലര്‍ സംശയിക്കുന്നതു പോലെ. ഇവിടെ മുരളി വളരെ നല്ല പോലെ പറഞ്ഞുകൊടുക്കണം മനുഷ്യര്‍ പഠിച്ചതിനു ശേഷം പഠിപ്പിക്കുകയാണ്. ഇവിടെ ഇത് വാക്കാലാണ്. ബാബയും എല്ലാം വാക്കാലാണ് കേള്‍പ്പിക്കുന്നത്. നിങ്ങളുടെ ബുദ്ധിയില്‍ ധാരണയുമുണ്ടാകുന്നു. കല്പം മുമ്പു നിങ്ങള്‍ ധാരണ ചെയ്ത് അനേകരെ കേള്‍പ്പിച്ചിട്ടുണ്ട്. പിന്നീട് ആ ജ്ഞാനം അവസാനിച്ചു. ഇപ്പോള്‍ വീണ്ടും ആവര്‍ത്തിക്കുകയാണ്. ഈ ജ്ഞാനം ഏതെങ്കിലും സന്യാസിമാരുടെ ബുദ്ധിയിലൊന്നുമില്ല. അവര്‍ പരമാത്മാവിനെ അറിയുന്നുമില്ല. അവര്‍ പറയുന്നത് ആത്മാ പരമാത്മാവില്‍ പോയി ലയിക്കുന്നുവെന്നാണ്. പിന്നെങ്ങനെയാണ് വീണ്ടും കണ്ടുമുട്ടുന്നത്? ഇപ്പോള്‍ നിങ്ങളുടെ ആത്മാവറിയുന്നു-ഞങ്ങളുടെ അച്ഛന്‍ വന്നിരിക്കുന്നു. ഞങ്ങള്‍ക്ക് നോളജ് തന്നുകൊണ്ടിരിക്കുന്നു. പിന്നീട് ഞങ്ങള്‍ ബാബയോടൊപ്പം വീട്ടില്‍ പോകും. ഇങ്ങനെയുള്ള ആത്മീയലഹരിയാണ് നിങ്ങള്‍ കുട്ടികള്‍ക്കുള്ളത്. ഇത് നിങ്ങളുടെ പ്രവൃത്തിമാര്‍ഗമാണ്. വളരെ പേര്‍ നിങ്ങളോടു പറയുന്നുണ്ട്-നിങ്ങള്‍ കുമാരനാണ് അല്ലെങ്കില്‍ കുമാരിയാണ്. നിങ്ങള്‍ക്ക് വികാരത്തിന്റെ അനുഭവം തന്നെയില്ല. ഞങ്ങളാണെങ്കില്‍ വികാരീഗൃഹസ്ഥത്തില്‍ ഇരിക്കുന്നവരാണ്. നിങ്ങള്‍ ഞങ്ങള്‍ക്കെങ്ങനെയാണ് ഈ ജ്ഞാനം തരുന്നത്. ഞങ്ങള്‍ യുഗള്‍(ദമ്പതികള്‍) ആണ്. അവിവാഹിതര്‍ക്ക് എങ്ങനെയാണ് ഞങ്ങള്‍ക്ക് മനസ്സിലാക്കിത്തരാന്‍ കഴിയുക? ഞങ്ങള്‍ക്ക് അനുഭവികളായ ദമ്പതിമാര്‍ മനസിലാക്കിത്തന്നിരുന്നെങ്കില്‍ നന്നായിരിക്കും. വികാരത്തില്‍ പോയവരായിരിക്കണം-അവര്‍ക്കേ ഞങ്ങളെ മനസിലാക്കിത്തരാന്‍ സാധിക്കൂ. അവരെങ്ങനെയാണ് ഇതിന്റെ മേല്‍ വിജയം നേടിയതെന്ന് അവര്‍ക്കേ മനസിലാക്കിത്തരാന്‍ സാധിക്കൂ. ഇങ്ങനെയൊക്കെ ബാബയുടെ അടുത്ത് കത്തുകള്‍ വരുന്നുണ്ട്. കാര്യം ശരിയാണ്. ഇങ്ങനെ അനുഭവികളെക്കൊണ്ട് കത്തെഴുതിപ്പിക്കണം, ആരാണോ വിവാഹം കഴിച്ചിട്ടും പവിത്രമായിരിക്കുന്നത്. ചിലര്‍ക്ക് കുട്ടികളൊക്കെ ഉണ്ടായിരുന്നു-പിന്നീട് പവിത്രമായി മാറി. ഇങ്ങനെയൊക്കെ നമുക്ക് മനസിലാക്കിക്കൊടുക്കണം. ജ്ഞാനം വളരെ നല്ലതാണ്. എന്നാല്‍ വളരെ നന്നായി മനസിലാക്കിക്കൊടുക്കുന്നില്ലെങ്കില്‍ സംശയം വരികയാണ്. വളരെയേറെ കാര്യങ്ങളിങ്ങനെ നേരിടേണ്ടതായി മുന്നില്‍ വരും. അതുകൊണ്ട് അനുഭവികള്‍ മനസിലാക്കിക്കൊടുക്കണം. ഇപ്പോള്‍ കത്തുകള്‍ മുഖേന ഇത്രയൊന്നും ആര്‍ക്കും മനസിലാക്കിക്കൊടുക്കാന്‍ സാധിക്കില്ല. വന്നുകാണുകയാണെങ്കില്‍ ബാബ തന്നെ മനസിലാക്കിത്തരും. ഇങ്ങനെ വളരെയേറെ ദമ്പതിമാരുണ്ട്-അവര്‍ക്ക് അവരുടെ അനുഭവങ്ങള്‍ കേള്‍പ്പിക്കാന്‍ സാധിക്കും-ഇങ്ങനെ പ്രവൃത്തിയിലിരുന്നുകൊണ്ട് ശ്രീമതത്തെ പൂര്‍ണമായും പാലിക്കുന്നതെങ്ങനെയെന്ന് അവര്‍ അനുഭവത്തിലൂടെ പറഞ്ഞുമനസിലാക്കും. കഴിക്കുന്നതിലും കുടിക്കുന്നതിലും പൂര്‍ണമായും ശ്രദ്ധ കൊടുക്കണം. ചിലര്‍ മനസിലാക്കിക്കൊടുക്കുന്നത് ശരിയല്ലെങ്കില്‍ സംശയങ്ങള്‍ വരും. സേവനത്തിനു വേണ്ടി ബുദ്ധി പ്രവര്‍ത്തിച്ചുകൊണ്ടിരിക്കണം. ദേഹീഅഭിമാനിയായി മാറുകയും വേണം. ആരുമായും അടുപ്പത്തിലേക്ക് വരരുത്. ഇതില്‍ നല്ല പരിശ്രമമുണ്ട്. മായ ഇടക്കിടയ്ക്ക് ചതിക്കും. കര്‍മാതീത അവസ്ഥയൊന്നും ഇപ്പോള്‍ ആവാന്‍ സാധിക്കില്ല. വളരെപ്പേരുണ്ട് പരസ്പരം നാമരൂപത്തില്‍ കുടുങ്ങിപ്പോകുന്നു. പിന്നീട് ബാബക്ക് എഴുതുന്നുമില്ല- ബാബാ ഇങ്ങനെയുള്ള കൊടുങ്കാറ്റു വരുന്നു. ബാബക്കെഴുതുകയാണെങ്കില്‍ ബാബ യുക്തിയും പറഞ്ഞുതരും. ചിലരൊക്കെ സത്യമെഴുതാറുണ്ട്. ശിവബാബക്കാണെങ്കില്‍ എല്ലാമറിയാം. മനസിലാക്കിത്തരുന്നുമുണ്ട്. ഇങ്ങനെയുള്ള എന്തെങ്കിലും മോശമായ പെരുമാറ്റത്തിലൂടെ നടക്കുകയാണെങ്കില്‍ ധര്‍മരാജനിലൂടെ ശിക്ഷയനുഭവിക്കേണ്ടതായി വരും. മുഴുവന്‍ ദിവസവും ചിന്ത നടന്നുകൊണ്ടിരിക്കണം. സെന്ററില്‍ വരുന്നുണ്ട്-എന്നിട്ട് പറയുകയും ചെയ്യുന്നുണ്ട്-ഇന്നയാള്‍ വളരെ നന്നായി മനസിലാക്കിത്തരുന്നുണ്ട്-എന്നാല്‍ ഉള്ളില്‍ പൈശാചികത നിറഞ്ഞിരിക്കും. ഇവിടെയാണെങ്കില്‍ ഒരാളുടെ അടുത്ത് യോഗം ഉണ്ടായിരിക്കണം. ബാബയല്ലാതെ വേറെയാരും തന്നെയില്ല. എന്തിനാണ് മറ്റുള്ളവരുടെ പുറകെ പോകുന്നത്. ധാരണയില്ലെങ്കില്‍ തീര്‍ച്ചയായും ബുദ്ധി അവിടെയും ഇവിടെയും അലഞ്ഞുകൊണ്ടിരിക്കും. പിന്നീട് നിര്‍ദേശവും സ്വീകരിക്കുന്നില്ല. ഭയപ്പെടുകയാണ്. ബാബ പറയുന്നു-മാമേകം( എന്നെ മാത്രം )ഓര്‍മിക്കൂ. ഈ ഓര്‍മയിലൂടെത്തന്നെയാണ് നിങ്ങളുടെ വികര്‍മങ്ങള്‍ വിനാശമാകുന്നത്. ദുഃഖത്തില്‍നിന്ന് നിങ്ങള്‍ മുക്തമാവുകയും ചെയ്യും.മുക്തി എല്ലാവരും യാചിക്കുന്നുണ്ട്. മുക്തമാകുന്നത് ദുഃഖത്തില്‍ നി

ന്നാണ്. പിന്നീട് സുഖത്തിലേക്കു വരും. ജീവിതമുക്തി എല്ലാവർക്കും ലഭിക്കും. എന്നാൽ ആദ്യം മുക്തിയിലേക്കു പോയിട്ടു വേണം പിന്നീട് ജീവിതമുക്തിയിലേക്കു വരാൻ. ശരി

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. ബാബയ്ക്കു സമാനം ജ്ഞാനത്തിന്റെ ശംഖധ്വനി ചെയ്യണം. വെറുതെ വായിച്ചു കേൾപ്പിച്ചാൽ മാത്രം പോര. ധാരണ ചെയ്തിട്ട് പിന്നെ മനസിലാക്കിക്കൊടുക്കണം.

2. കഴിക്കുന്നതിലും കുടിക്കുന്നതിലും വളരെ പഥ്യം വെക്കണം. ശ്രീമതത്തെ പാലിച്ച് കുടുംബത്തിലിരുന്നുകൊണ്ട് എങ്ങനെയാണ് പവിത്രമായിരിക്കുന്നത്-ഈ അനുഭവം മറ്റുള്ളവർക്ക് കേൾപ്പിക്കണം.

## വരദാനം - സാധനങ്ങളുടെയോ ആശ്രയങ്ങളുടെയോ പ്രഭാവത്തിൽ വരുന്നതിനു പകരം പ്രകൃതിയെ ദാസിയാക്കുന്ന വിജയിയായി ഭവിക്കൂ

ഒരിക്കലും യോഗീപുരുഷർ അഥവാ പുരുഷോത്തമആത്മാക്കൾ പ്രകൃതിയുടെ പ്രഭാവത്തിലേക്ക് വരികയില്ല. താങ്കൾ ബ്രാഹ്മണാത്മാക്കൾ പുരുഷോത്തമരും യോഗീആത്മാക്കളുമാണ്, പ്രകൃതി താങ്കൾ യജമാനൻമാരുടെ ദാസിയാണ്, അതിനാൽ പ്രകൃതിയുടെ ഒരു സാധനവും ആശ്രയവും താങ്കളെ അതിന്റെ പ്രഭാവത്തിൽ പ്രഭാവിതമാക്കരുത്. സാധനം സാധനയ്ക്ക് ആധാരമാകരുത്, എന്നാൽ സാധന സാധനങ്ങളെ ആധാരമാക്കണം. അപ്പോൾ പറയാം പ്രകൃതിജീത്ത്, വിജയിആത്മാവ്.

## സ്ലോഗൻ- ഓരോ നിമിഷത്തെയും അന്തിമനിമിഷമായി കരുതി സഞ്ചരിക്കുന്നവരാണ് എവർറെഡി